**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2301** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജുകളിലെ പി. ജി. സീറ്റുകളുടെ എണ്ണത്തിനുണ്ടായ വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ 48 മെഡിക്കൽ പിജി സീറ്റുകൾ വർദ്ധിച്ചിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മെഡിക്കൽ ഗവേഷണ കേന്ദ്രങ്ങളെക്കുറിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിപ്പ രോഗത്തിൽ ഗവേഷണം നടത്തുന്നതിനായി കോഴിക്കോട് കേന്ദ്രീകരിച്ച് കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച് ആന്റ് റസിലിയന്റ് സെന്റർ എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്.

മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കേളേജുകളിൽ രോഗീപരിചരണത്തെ മെച്ചപ്പെടുത്തുന്നതിനും, ആരോഗ്യ സംരക്ഷണ നടപടിക്രമങ്ങളെ കാര്യക്ഷമമാക്കുകയും, ആരോഗ്യ മേഖലയുടെ വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്ന സൃഷ്ടിപരമായ ആരോഗ്യ പരിഹാരങ്ങൾ, ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ രൂപപ്പെടുത്താനും വികസിപ്പിക്കാനും നടപ്പാക്കാനുമായി ഇന്നവേഷൻ എൻടപ്രണർഷിപ്പ് & ഡെവലപ്പ്മെന്റ് സെന്റർ **(IEDC)** സെന്ററുകൾ ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**(സി)** മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവേഷണത്തിലും ചികിത്സാ രംഗങ്ങളിലും കൈവരിച്ച മുന്നേറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

**<u>മറുപടി:</u>** നാഷണൽ ബോർഡ് നടത്തിയ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഒന്നിലധികം സ്പെഷ്യാലിറ്റികളിൽ ഒന്നാം റാങ്ക് സംസ്ഥാനത്തെ മെഡിക്കൽ

കോളേജുകളിൽ പഠനവും, ഉപരിപഠനവും പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായിരുന്നുവെന്നത് നമ്മുടെ മെഡിക്കൽ കോളേജുകളിലെ അദ്ധ്യയന മികവിന്റെ സാക്ഷ്യപത്രമാണ്.

ആരോഗ്യ മേഖലയിൽ ഗവേഷണത്തിനുള്ള പ്രാധാന്യം മനസ്സിലാക്കി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ചിനെ ശക്തിപ്പെടുത്താൻ വലിയ ഇടപെടലുകൾ നടത്തി. ആരോഗ്യ ഗവേഷണത്തിനായി ഒരു നയം തന്നെ ഇന്ന് നിലവിലുണ്ട്. ആന്റി ബയോട്ടിക് പ്രതിരോധത്തെ ചെറുക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കഴിയുന്നതും സുരക്ഷിതമായ ആന്റിബയോട്ടിക്കുകൾ മാത്രം ഉപയോഗിക്കുന്നതിനായി ലോകാരോഗ്യ സംഘടന നിഷ്കർഷിച്ച അവയർ (AWaRe) മെട്രിക്സ് പ്രകാരം കൾച്ചർ റിപ്പോർട്ടിംഗ് ഫോർമാറ്റ് വികസിപ്പിച്ച് ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. (തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ) ചികിത്സ രംഗത്ത് ഒട്ടനവധി മുന്നേറ്റങ്ങൾ മെഡിക്കൽ കോളേജുകളിൽ നടന്നു വരുന്നു. ഇന്ത്യയിൽ ആരോഗ്യ ഇൻഷുറൻസ് സ്കീമുകളിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് എന്ന പുരസ്കാരം കോട്ടയം മെഡിക്കൽ കോളേജിനു ലഭിച്ചു.

ട്രാൻസ്ജന്റർ ക്ലിനിക്, കാർഡിയാക് റീഹാബിലിറ്റേഷൻ സെന്റർ, ട്രാൻസ് കതീട്ടർ അയോർട്ടിക്ക് വാൽവ് ഇംപ്ലാന്റേഷൻ തുടങ്ങിയ ചികിത്സകൾ കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അപൂർവ്വ ജനിതക രോഗങ്ങളുടെ ചികിത്സയ്ക്കും ഗവേഷണത്തിനുമായി അപൂർവ്വ രോഗങ്ങൾക്കുള്ള മികവിന്റെ കേന്ദ്രം ആരംഭിക്കാനായി.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ് (MRU) നു കീഴിൽ ജനിതക വൈകല്യങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു ലബോറട്ടറി (Cytogenetic Facility) ഈ വർഷം പ്രാവർത്തികമാക്കി. കൂടാതെ MRU നു കീഴിൽ MRU ഫണ്ട് ഉപയോഗിച്ച് അനിമൽ ഗവേഷണങ്ങൾക്കുള്ള ഒരു പൊതു ലബോറട്ടറി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**